ചക്കര സൊസൈറ്റികളിൽനിന്നും വസൂൽചെയ്യുവരുന്ന വില്പനനികുതി ഒഴിവാക്കിക്കിട്ടണമെന്നുള്ള സൊസൈറ്റികളുടെ അപേക്ഷകൾ ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ട്.

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ബിൽ

*൨൪൭. (൭൯) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ബിൽ തോട്ടം തൊഴിലാളികൾക്കും ബാധകമാക്കികൊണ്ടുള്ള ഭാഗം നിയമപ്രകാരം സാധുവല്ലെന്ന എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധിയുടെ ഫലമായി ഉണ്ടായിട്ടുള്ള തടസ്സങ്ങൾക്ക് വല്ല പ്രതിവിധിയും ഗവൺമെണ്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അവാർഡിന്മേൽ തൊഴിലാളികൾ ബാംബെ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ കൊടുത്തിട്ടുണ്ട്. ഈ അപ്പീലിൽ, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ തോട്ടം തൊഴിലാളിതർക്കങ്ങൾക്കും ബാധകമാണെന്നുള്ള ഗവൺമെണ്ടിന്റെ പക്ഷം വാദിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) എ.യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

സീതറാംമിൽ തൊഴിൽ കുഴപ്പം

*൨൪൮. (൭൨) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) സീതാറാംമിൽ തൊഴിൽ കുഴപ്പത്തിൽ അഡ്ജൂഡിക്കേറ്ററുടെ അവാർഡു മുഴുവൻ നടപ്പിലാക്കിയിട്ടില്ലെന്നുള്ള ആക്ഷേപത്തെ തുടർന്ന് ആയതു പരിശോധിക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ റിപ്പോർട്ട് ഗവൺമെണ്ടിലേക്ക് സമർപ്പിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉവ്വ്.

(ബി) ഉവ്വ്.

Unstarred Questions posted for Answer on 28th February 1951

പബ്ലിക്ക് ലൈബ്രറി

൨൦ ശ്രീ എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ഏതു പ്രതിദിനപത്രങ്ങളും വാരികകളും തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിക്കുവേണ്ടി ഗവൺമെണ്ടിൽനിന്നും വരുത്തുന്നു, അവ ഏതെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ): തിരുവനന്തപുരംപബ്ലിക്ക് ലൈബ്രറിക്ക് വേണ്ടി, ഗവൺമെണ്ടിൽനിന്നും വരുത്തുന്ന തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ പ്രതിദിനപത്രങ്ങളും വാരികകളും ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിദിനപത്രം

എ.	മലയാളരാജ്യം	2 copies.
ബി.	കേരളകൗമുദി	do.
സി.	മലയാളമനോരമ	1 copy.
ഡി.	ദീനബന്ധു	do.

വാരിക

എ.	ദേശാഭിമാനി	1 copy.

DISPENSARIES

11. [3] **Sri. K. Ramachandran:** Will the Hon'ble Minister for Finance and Revenue be pleased to state the total number of

(*a*) Government Dispensaries in the State,

(*b*) Male Doctors

(*c*) Female Doctors

(*d*) Government Dispensaries where there are both male and female doctors?

Minister for Finance and Revenue **(Sri. A. J. John):**

(*a*) 137.

(*b*) 293.

(*c*) 65.

(*d*) 3.

സസ്പെൻഷൻ

എ ബി. (ഡി) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

(എ) റവന്യൂ ബോർഡു സെക്രട്ടറിയായിരുന്ന മിസ്റ്റർ മീരാൻറാവുത്തരെ സസ്പെൻഡു ചെയ്തിട്ടുള്ളതു് എന്തു കാരണത്താലായിരുന്നു;

(ബി) അദ്ദേഹത്തിന്റെ പേരിലുള്ള ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തിയോ;

(സി) അന്വേഷണം നടത്തിയെങ്കിൽ അതിന്റെ ഫലം എന്തായിരുന്നു;

(ഡി) എൻക്വയറി റിപ്പോർട്ടിന്മേൽ ഗവണ്മെണ്ടു് ഒരു തീരുമാനം ചെയ്തിട്ടുണ്ടോ;

(ഇ) തീരുമാനം ചെയ്തിട്ടുണ്ടെങ്കിൽ അതെന്താണു്; ആ വിവരം കമ്മുണിക്കേറ്റു ചെയ്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ശ്രീ. മീരാൻറാവുത്തർ തൊടുപുഴ താസിൽദാരായിരിക്കുമ്പോൾ പല അഴിമതികളും പ്രവർത്തിച്ചിട്ടുള്ളതായി ഗവണ്മെണ്ടിലേക്കു് കിട്ടിട്ടുള്ള ആക്ഷേപങ്ങളെ അടിസ്ഥാനമാക്കിട്ടാണു് ശ്രീ. മീരാൻറാവുത്തരെ സസ്പെൻഡു ചെയ്തിട്ടുള്ളതു്.

(ബി) ഉവ്വു്.

(സി) ഇതു് രഹസ്യമാണു്. വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly